# INCOME TAX 2017-18

കഴിഞ്ഞ സാമ്പത്തിക ബജറ്റിൽ ഈ വർഷത്തെ നികുതി നിരക്കുകളില് ചെറിയ മാറ്റങ്ങള് വരുത്തിയിട്ടുണ്ട്. ആദ്യമായി ഈ വര്ഷAത്തെ പ്രധാനപ്പെട്ട രണ്ട് മാറ്റങ്ങൾ ശ്രദ്ധിക്കാം..

---

- കഴിഞ്ഞ വര്ഷം: 2½ ലക്ഷം മുതൽ 5 ലക്ഷം വരെയുള്ള വരുമാനത്തിന് മേല് 10 ശതമാനം നികുതി ചുമത്തിയിരുന്നു. ഈ വര്ഷം അത് 5 ശതമാനമാക്കി കുറച്ചു
- കഴിഞ്ഞ വര്ഷംത നികുതി വിധേയ വരുമാനം 5 ലക്ഷം രൂപയില് താഴെ ആയിരുന്നെങ്കിൽ 5000 രൂപ റിബേറ്റ് ലഭിച്ചിരുന്നു. എന്നാൽ ഈ വര്ഷംമ 3½ ലക്ഷം രൂപയിൽ അധികം വരുമാനമുള്ളവര്ക്ക്് റിബേറ്റ് ലഭിക്കില്ല. മാത്രമല്ല റിബേറ്റ് തുക 5000 എന്നത് 2500 രൂപയാക്കി കുറയ്ക്കുകയും ചെയ്തു.

| Male / Female (Below 60) | | Senior Citizens (60-79) | | Super Senior Citizens (80 and Above) | |
|---|---|---|---|---|---|
| Upto ₹ 2.5 Lakhs | Nil | Upto ₹ 3 Lakhs | Nil | Upto ₹ 5 Lakhs | Nil |
| ₹ 2.5 Lakhs To ₹ 5 Lakhs | 5% | ₹ 3 Lakhs To ₹ 5 Lakhs | 5% | ₹ 5 Lakhs To ₹ 10 Lakhs | 20% |
| ₹ 5 Lakhs To ₹ 10 Lakhs | 20% | ₹ 5 Lakhs To ₹ 10 Lakhs | 20% | Above ₹ 10 Lakhs | 30% |
| Above ₹ 10 Lakhs | 30% | Above ₹ 10 Lakhs | 30% | | |

## പേ-റിവിഷൻ അരിയറും ആദായ നികുതിയും

ഈ വര്ഷത്തെ മറ്റൊരു പ്രത്യേകതയാണ് നമുക്ക് ലഭിച്ചിട്ടുള്ള പേ-റിവിഷൻ അരിയറുകൾ. 2014 ജൂലൈ-1 എന്ന തിയ്യതി വെച്ചാണ് പേ-റിവിഷൻ നിലവില് വന്നത്. എന്നാൽ 2016 ഫെബ്രുവരി മുതലാണ് പുതുക്കിയ നിരക്കിലുള്ള ശമ്പളം കയ്യിൽ ലഭിക്കാന് തുടങ്ങിയത്. ജൂലൈ 2014 മുതല് ജനുവരി 2016 വരെയുള്ള ശമ്പളം അരിയറായി കണക്കാക്കി നാല് ഗഡുക്കളായി തിരിക്കുകയും ഇതിനോടകം തന്നെ ഇതിൽ രണ്ട് ഗഡുക്കള് പി.എഫി ൽ ലയിപ്പിക്കുകയും ചെയ്തിട്ടുണ്ടാകും. ഇത് നാം 2017-18 വര്ഷത്തെ വരുമാനമായി കണക്കാക്കുകയും ആദായ നികുതി കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടതുമാണ്. ആയത് കൊണ്ട് ആദ്യം ഈ രണ്ട് ഗഡുക്കുളും കൂടിയ തുക Pay Revision Arrear എന്ന കോളത്തിൽ വരുമാനമായി കാണിക്കണം. ഇത് കൈയിൽ ലഭിക്കാതെ പി.എഫിൽ ലയിപ്പിച്ചതായതുകൊണ്ട് ഇത് പി.എഫി ലെ ഈ വര്ഷത്തെ ഡിഡക്ഷനായും കണക്കാക്കാവുന്നതാണ്. എന്നാൽ ഇതു കൂടാതെ തന്നെ 80 സി യിലെ പരമാവധി ഡിഡക്ഷനായ 1,50,000 രൂപ കവിഞ്ഞിട്ടുണ്ടെങ്കില് പി.എഫി ൽ ഡിഡക്ഷനായി കാണിക്കുന്നതിന്റെ പ്രയോജനം ലഭിക്കില്ല. പക്ഷെ വരുമാനത്തിൽ ഇത്രയും തുക കൂടുകയും അതിന്റെ മുകളില് അധികനികുതി അടക്കേണ്ടതായും വരും. ഇപ്പോൾ പി.എഫി ൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക ഈ വര്ഷത്തെ ഡിഡക്ഷനായി മാത്രമേ പരിഗണിക്കാവു. അതിനെ കഴിഞ്ഞ വര്ഷത്തേക്ക് വീതിച്ച് അന്നത്തെ 80 സി ഡിഡക്ഷന് കൂട്ടുവാൻ അനുവദിക്കാറില്ല.

ഈസി ടാക്സിൽ സാലറി വിവരങ്ങള് കാണിക്കുന്ന ടേബിളില് ഏറ്റവും അവസാനത്തെ നിരയിലാണ് പേ-റിവിഷൻ അരിയര് കാണിക്കേണ്ടത്. ബേസിക്കും , ഡി.എ യും വേർതിരിച്ചോ അതല്ലെങ്കില് രണ്ടും കൂടി ചേർത്ത് ബേസിക് സാലറിയുടെ കോളത്തിലോ കാണിച്ചാൽ മതി. പേ-റിവിഷൻ അരിയറിന്റെ രണ്ടു ഗഡു വാങ്ങിച്ചിട്ടുള്ളത് കൊണ്ട് ഇതു രണ്ടും കൂടി ചേർത്ത് കാണിച്ചാല് മതി. പലിശയടക്കമുള്ള തുകയാണ് ഇതിൽ കാണിക്കേണ്ടത്. പി.എഫി ൽ ലയിപ്പിച്ചതു കൊണ്ട് ഈ തുകകള് എന്റര് ചെയ്യുമ്പോള് അത് സ്വമേധയാ പി.എഫ് ഡിഡക്ഷന്റെ കോളത്തിലും വരുന്ന തരത്തിലാണ് സോഫ്റ്റ് വെയര് സജ്ജീകരിച്ചിട്ടുള്ളത്. ഏതൊക്കെയോ ചില ഡിപ്പാർട്ട്മെന്റുകളില് ഈ അരിയര് പണമായി കയ്യിൽ വാങ്ങിച്ചു എന്ന് കേട്ടിട്ടുണ്ട്. അത്തരക്കാർ ഈ തുക വരുമാനത്തിന്റെ കോളത്തില്

മാത്രമേ കാണിക്കാവൂ. അങ്ങിനെയുള്ളവർ പി.എഫ് കോളത്തിൽ സ്വമേധയാ വരുന്ന തുക മായ്ച്ചു കളയാൻ മറക്കരുത്.

## പേ-റിവിഷൻ അരിയറിന് അരിയർ റിലീഫ്

നമുക്ക് മുൻ സാമ്പത്തിക വർഷങ്ങളില് ലഭിക്കേണ്ടിയിരുന്ന ശമ്പളം ഇപ്പോള് ലഭിക്കുകയാണെങ്കുില്‍ തീർച്ചയായും നമുക്ക് 89(1) പ്രകാരമുള്ള റിലീഫ് (അഥവാ 10 E റിലീഫ് )അവകാശപ്പെടാവുന്നതാണ്. അത് കൊണ്ട് നമുക്ക് പ്രയോജനമുണ്ടെങ്കിൽ മാത്രം ക്ലെയിം ചെയ്താൽ മതി.

ഇപ്പോള് ലഭിച്ചിട്ടുള്ള പേ-റിവിഷൻ അരിയറിനുള്ള പ്രത്യേകത നമുക്ക് അറിയാം. ആദ്യം 2014 ജൂലൈ മാസം മുതല് 2016 ജനുവരി മാസം വരെയുള്ള മൊത്തം അരിയര് കണക്കാക്കുകയും പിന്നീട് അത് നാല് ഗഡുക്കളായി തരികയുമാണ് ചെയ്യുന്നത്. 2017-18 സാമ്പത്തിക വർഷത്തില് നമ്മള് രണ്ട് ഗഡു വാങ്ങിയിരിക്കും. അപ്പോൾ ഉയർന്നേക്കാവുന്ന ഒരു സംശയം ഈ കിട്ടുന്ന ഗഡുക്കൾ ഏതൊക്കെ മാസങ്ങളിലേക്കുള്ളതെന്ന് നമുക്ക് വേർതിരിക്കാന് കഴിയില്ല. അരിയർ റിലീഫ് കാൽക്കുലേറ്റ് ചെയ്യണമെങ്കില് ലഭിച്ച അരിയറുകൾ ഏതൊക്കെ മാസങ്ങളിലേക്കാണ് എന്ന് വ്യക്തമായി അറിയുകയും അതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലേക്ക് എത്രയൊക്കെ തുകകളാണ് ലഭിച്ചത് എന്ന് കാൽക്കുലേറ്റ് ചെയ്യുകയും വേണം. ഇവിടെ അതിന് സാധ്യമല്ല. കാരണം നമുക്ക് മൊത്തത്തിലുള്ള തുക കണക്കാക്കി അതിന്റെ ഗഡുക്കളാണ് ലഭിക്കുന്നത്. ഇത് എങ്ങിനെ കൈകാര്യം ചെയ്യും എന്നത് സംബന്ധിച്ച് പ്രത്യേകിച്ച് നിർദ്ദേശങ്ങള് ഒന്നും ഇതുവരെ വന്നിട്ടില്ല.

അപ്പോൾ യുക്തി പൂർവ്വം നമുക്ക് ചെയ്യാവുന്ന ഒരു രീതി ഇവിടെ പ്രതിപാദിക്കാം.
2014 ജൂലൈ മാസം മുതല് 2016 ജനുവരി വരെയുള്ള അരിയറാണ് നമുക്ക് ലഭിക്കുന്നത്, ഇതിൽ 2014 ജൂലൈ മുതല് 2015 ഫെബ്രുവരി വരെയുള്ളത് 2014-15 സാമ്പത്തിക വർഷത്തേക്കും 2015-മാർച്ച് മുതല് 2016 ജനുവരി വരെയുള്ളത് 2015-16 സാമ്പത്തിക വർഷത്തേക്കും ബാധകമായ അരിയറുകളാണ്. ഈ രണ്ട് സാമ്പത്തിക വർഷത്തേക്കുള്ള 10 ഇ ഫോമാണ് നാം തയ്യാറാക്കേണ്ടത്. ആദ്യം സ്പാർക്കില് നിന്നും ലഭിക്കുന്ന അരിയറിന്റെ Due-Drwan Statement നോക്കി ഈ കാലയളവിൽ ലഭിക്കുന്ന പേ-റിവിഷൻ അരിയര് ഓരോ മാസത്തേതും പ്രത്യേകം പ്രത്യേകം എഴുതി വെക്കുക. എന്നിട്ട് നിങ്ങൾ പേ-റിവിഷൻ അരിയറിന്റെ രണ്ട് ഗഡു പി.എഫി ൽ ലയിപ്പിച്ചിട്ടുണ്ടെങ്കില് ഓരോ മാസത്തിലും കിട്ടാവുന്നതിന്റെ പകുതി ലഭിച്ചതായി അനുമാനിച്ച് (ആകെ 4 ഗഡുവില് 2 ഗഡു) പകുതി മാത്രം ഓരോ മാസത്തെയും അരിയർ കോളത്തില് കാണിക്കുക. ഇനി ഒരു ഗഡു മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളുവെങ്കിൽ Due-Drwan Statement ൽ കാണുന്ന തുകയുടെ കാല് ഭാഗം മാത്രം ലഭിച്ചതായി കണക്കാക്കി ( 4 ഗഡുവില് 1 ഗഡു) അത്രയും തുക മാത്രം 10 ഇ സോഫ്റ്റ് വെയറിന്റെ ഓരോ കോളത്തിലും കാണിക്കുക.
ഇനി മൂന്നാമത്തെയും നാലാമത്തെയും ഗഡുക്കൾ വരും സാമ്പത്തിക വർഷത്തില് ലഭിക്കുമ്പോൾ വീണ്ടും ഇതേ വർഷങ്ങളിലേക്ക് 10 E ചെയ്യാവുന്നതാണ്.

അരിയറിന് ലഭിച്ച പലിശ റിലീഫ് കാൽക്കുലേഷന് കണക്കാക്കുന്നതല്ല. അത് ഒരു കാരണവശാലും 10 ഇ സോഫ്റ്റ് വെയറില് എന്റർ ചെയ്യരുത്.

## അരിയർ റിലീഫിന്റെ നേട്ടം ലഭിക്കുന്നവർ

അരിയർ റിലീഫിന്റെ പ്രയോജനം എല്ലാവർക്കും ലഭിക്കണമെന്നില്ല. പ്രയോജനമുള്ളവർ മാത്രം റിലീഫ് ക്ലെയിം ചെയ്താല് മതി. പേ-റിവിഷൻ അരിയര് 2014-15, 2015-16 എന്നീ

വർഷങ്ങളിലേക്കാണ് ബാധകമായിട്ടുള്ളത്. ഈ രണ്ട് വർഷങ്ങളില് ഡിഡക്ഷനുകൾക്ക് ശേഷമുള്ള വരുമാനം നികുതി വിധേയ വരുമാനത്തിലെത്താവർക്ക് തിർച്ചയായും അരിയര് റിലീഫ് ലഭിക്കും.

ഇനി ഈ വർഷങ്ങളില് നികുതി അടച്ചിട്ടുള്ളവർക്കും അരിയര് റിലീഫിന്റെ പ്രയോജനം ലഭിക്കാം. കഴിഞ്ഞ വർഷങ്ങളില് നികുതി അടച്ചിട്ടുണ്ടെങ്കില് നികുതി അടച്ചവർക്ക് റിലീഫിന് അർഹതയില്ല എന്ന് ചിലര് കരുതുന്നുണ്ട്. ഇത് തീർത്തും തെറ്റായ ധാരണയാണ്. കാരണം ഒരു പക്ഷെ ഈ വർഷം നമ്മള് ഉയർന്ന നികുതി സ്ലാബിലെത്തുകയും ഈ തുക മുൻവർഷങ്ങളിലേക്ക് മാറ്റിയാല് കുറഞ്ഞ നികുതി സ്ലാബുകളിലായി മാറുകയും ചെയ്യുന്നവർക്ക് റിലീഫിന്റെ നേട്ടം ലഭിക്കും. ഉദാഹരണമായി ഈ വർഷം നികുതി വിധേയ വരുമാനം 5 ലക്ഷത്തില് കവിഞ്ഞ് 20ശതമാനം നിരക്കിൽ നികുതി അടക്കേണ്ടി വരുന്ന ഒരാൾക്ക് ഒരു പക്ഷെ കഴിഞ്ഞ വർഷത്തെ നികുതി വിധേയ വരുമാനം 5 ലക്ഷത്തിലും ഒരു പാട് താഴെയാണെങ്കിൽ ഇപ്പോള് ലഭിച്ച അരിയര് കഴിഞ്ഞ വർഷത്തേക്ക് മാറ്റുമ്പോള് ഈ വർഷം 20 ശതമാനം നികുതി അടക്കുന്നതിന് പകരം കഴിഞ്ഞ വർഷത്തെ വരുമാനത്തിന്റെ കൂടെ കൂട്ടിയാലും ഇതിന് 10 ശതമാനം നിരക്കില് മാത്രമേ നികുതി വരുന്നുള്ളൂ. ആയത് കൊണ്ട് ഇത്തരക്കാർക്ക് ഈ തുകയുടെ മേല് 10 ശതമാനത്തിന്റെ ലാഭം കിട്ടും.

## അരിയർ റിലീഫ് - ചില ഉദാഹരണങ്ങൾ

---

കഴിഞ്ഞ വർഷങ്ങളിലെ നികുതി വിധേയ വരുമാനം 2½ ലക്ഷത്തിനും ഒരു പാട് താഴെയാണെങ്കിൽ (അഥവാ അരിയർ ഈ വർഷങ്ങളിലേക്ക് ചേർത്താലും 2½ ലക്ഷത്തിൽ അധികമാവില്ല എങ്കിൽ ) തീർച്ചയായും റിലീഫ് ലഭിക്കും.

---

കഴിഞ്ഞ വർഷങ്ങളിലെ നികുതി വിധേയ വരുമാനങ്ങളും ഈ വർഷത്തെ അരിയര് അടക്കമുള്ള നികുതി വിധേയ വരുമാനവും 2½ ലക്ഷത്തിന് മുകളിലും 5 ലക്ഷത്തിന് താഴെയുമാണെങ്കിൽ റിലീഫ് ലഭിക്കുകയില്ല. കാരണം ഈ വർഷം 2½ ലക്ഷം മുതൽ 5 ലക്ഷം വരെയുള്ള വരുമാനത്തിന് 5 ശതമാനം മാത്രമേ നികുതിയുള്ളൂ. കഴിഞ്ഞ വർഷങ്ങളിലേത് ഇത് 10 ശതമാനമാണ്. അപ്പോൾ അരിയര് ഈ വർഷത്തില് തന്നെ നില നിർത്തുന്നതാണ് നല്ലത്.

---

കഴിഞ്ഞ വർഷങ്ങളിലെ നികുതി വിധേയ വരുമാനം 2½ ലക്ഷത്തിന് തൊട്ട് താഴെ ( അരിയർ കൂടി കൂട്ടുമ്പോള് 2½ ലക്ഷത്തിന് മുകളിൽ വരുന്ന രീതിയിൽ) എത്തി നിൽക്കുകയും ഈ വർഷത്തെ നികുതി വിധേയ വരുമാനം 2½ ലക്ഷത്തിന് മുകളിലായിരിക്കുകയും ചെയ്താൽ തുകയ്ക്കനുസരിച്ച് വ്യത്യാസങ്ങൾ വരാം. ഉദാഹരണമായി കഴിഞ്ഞ വർഷത്തെ വരുമാനം 2,40,000 രൂപയും ഈ വർഷത്തേത് 50,000 രൂപ അരിയറടക്കം 4 ലക്ഷവും വരുന്നുവെങ്കില് റിലീഫ് ലഭിക്കില്ല. കാരണം 50000 കഴിഞ്ഞ വർഷത്തേക്ക് മാറ്റുകയാണെങ്കില് 2½ ലക്ഷത്തിലേക്ക് കുറവുള്ള 10,000 രൂപയ്ക്ക് നികുതിയില്ല. ബാക്കി 40,000 രൂപയ്ക്ക് 10 ശതമാനം (4000 രൂപ) നികുതി വരുന്നു. എന്നാൽ ഈ 50,000 ഈ വർഷത്തില് തന്നെ നിലനിർത്തുകയാണെങ്കില് ഈ 50,000 രൂപയുടെ 5 ശതമാനം ( 2500 രൂപ ) മാത്രമേ നികുതി വരുന്നുള്ളൂ. അപ്പോൾ റിലീഫ് ആനുകൂല്യം ലഭിക്കില്ല.

എന്നാൽ കഴിഞ്ഞ വർഷത്തെ വരുമാനം 260000 രൂപയായിരുന്നെങ്കില് അരിയര് ആയ 50000 രൂപ കഴിഞ്ഞ വർഷത്തേക്ക് മാറ്റുമ്പോള് കഴിഞ്ഞ വർഷത്തില് 10000 രൂപയുടെ മുകളില് 10 ശതമാനം (1000 രൂപ )മാത്രമേ നികുതി വരുന്നുള്ളൂ. എന്നാൽ അരിയര് ഈ വർഷത്തില് തന്നെ നിലനിർത്തുകയാണെങ്കില് 50000 രൂപയുടെ മേല് 5 ശതമാനം ( 2500 രൂപ ) നികുതി വരുന്നു. അപ്പോൾ അരിയര് റിലീഫ് കാല്ക്കുലേറ്റ് ചെയ്താൽ 1500 രൂപയുടെ നേട്ടം ലഭിക്കുന്നു.

---

കഴിഞ്ഞ വർഷത്തെ വരുമാനം 2½ ലക്ഷത്തിനും 5 ലക്ഷത്തിനും ഇടയിലും ഈ വർഷത്തെ അരിയർ അടക്കമുള്ള വരുമാനം 5 ലക്ഷത്തിന് മുകളിലുമാണെങ്കില് അരിയര് റിലീഫ് ലഭിക്കും. കാരണം അരിയര് കഴിഞ്ഞ വർഷത്തെക്ക് മാറ്റുകയാണെങ്കില് അരിയറിന് മുകളില് 10 ശതമാനമേ നികുതി വരികയുള്ളൂ. അരിയർ ഈ വർഷത്തില് നില നിർത്തിയാല് 20 ശതമാനം നിരക്കിൽ നികുതി നൽകേണ്ടി വരും.
പക്ഷെ ഇവിടെ വളരെയധികം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്.കഴിഞ്ഞ വർഷം 5 ലക്ഷത്തില് താഴെയുള്ള വർക്ക് 5000 രൂപയുടെ റിബേറ്റ് ലഭിച്ചിരുന്നു. ചിലർ ഈ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി കഴിഞ്ഞ വർഷത്തെ വരുമാനം ഏറെ പാടുപെട്ട് 5 ലക്ഷത്തിന് തൊട്ടു താഴെ കൊണ്ട് നിർത്തിക്കാണും. ഉദാഹരണത്തിന് ഒരാൾ കഴിഞ്ഞ വർഷം റിബേറ്റ് ലഭിക്കുന്നതിന് വേണ്ടി അയാളുടെ വരുമാനം 4,95,000 രൂപയില് നിജപ്പെടുത്തിയിരുന്നു എന്ന് കരുതുക. ഒരു 5000 രൂപ അരിയറായി കഴിഞ്ഞ വർഷത്തേക്ക് മാറ്റിയാല് അയാളുടെ കഴിഞ്ഞ വർഷത്തെ വരുമാനം 5 ലക്ഷത്തില് കവിയുകയും അദ്ദേഹത്തിന് കഴിഞ്ഞ വർഷം ലഭിച്ച 5000 രൂപയുടെ റിബേറ്റിനുള്ള അർഹത നഷ്ടപ്പെടുകയും ചെയ്യുന്നു. ഇത് കാരണം റിലീഫ് സാധ്യത നഷ്ടപ്പെട്ടേക്കാം.

# ഓഖി ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന

ഓഖി ദുരിതാശ്വാസ നിധിയിലേക്ക് ഓരോ സർക്കാര് ജീവനക്കാരും രണ്ട് ദിവസത്തെ ശമ്പളം നൽകണമെന്ന് കേരള സർക്കാര് നേരത്തെ ആവശ്യപ്പെട്ടിരുന്നു. പിന്നീട് 2 ദിവസത്തെ ശമ്പളം എന്ന പരിധി മാറ്റി എത്ര വേണമെങ്കിലും നൽകാം എന്ന് തിരുത്തിയിട്ടുണ്ട്. ഇങ്ങനെ നൽകുന്ന സംഭാവനകൾക്ക് ഇൻകം ടാക്സ് ആനുകൂല്യം ലഭിക്കുന്നതായിരിക്കും എന്നും സർക്കുലറില് പറഞ്ഞിട്ടുണ്ട്. ആദായ നികുതി നിയമത്തിൽ ഇങ്ങനെയുള്ള ഡിഡക്ഷനുകള് അനുവദിക്കുന്നത് 80G എന്ന സെക്ഷനിലാണ്. ഈ സെക്ഷനിൽ തന്നെ മുഴുവന് ഡിഡക്ഷന് അനുവദിക്കുന്നതും 50 ശതമാനം ഡിഡക്ഷന് അനുവദിക്കുന്നതുമായ ഇനങ്ങളുണ്ട്. ഓഖി ദുരിതാശ്വാസ ഫണ്ട് 100 ശതമാനവും ഡിഡക്ഷനായി ക്ലെയിം ചെയ്യാം.

**ആദായ നികുതി ആക്ടിലെ സെക്ഷന് 80 G - Deduction in respect of donations to certain funds, charitable institutions, etc.**
എന്ന പ്രധാന സെക്ഷനിലെ (*iiihf*) the Chief Minister's Relief Fund or the Lieutenant Governor's Relief Fund in respect of any State or Union territory, as the case may be എന്ന സബ്സെക്ഷനിലാണ് ഈ സംഭവന ഉൾപ്പെടുത്തുന്നത്.

ദുരിതാശ്വാസ നിധിയിലേക്ക് ഓരോരുത്തരും സമ്മത പത്രത്തിൽ എഴുതി നൽകിയ തുക സ്പാർക്കില് ശമ്പളത്തില് ഡിഡക്ട് ചെയ്യുന്നതായത് കൊണ്ട് ഇതിന് വ്യക്തിപരമായി ഓരോരുത്തർക്കും സർട്ടിഫിക്കറ്റുകള് ലഭിക്കുകയില്ല. ഇതിന് പകരം അതത് ഡിസ്ബേർസിംഗ് ഓഫീസർമാര് ഓരോരുത്തർക്കും ഒരു സർട്ടിഫിക്കറ്റ് നൽകിയാല് മതി. ഈ സർട്ടിഫിക്കറ്റാണ് ഇൻകം ടാക്സ് സ്റ്റേറ്റുമെന്റുകളുടെ കൂടെ അറ്റാച്ച് ചെയ്യേണ്ടത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ സംഭാവകൾക്ക് മാത്രമേ 80 ജി പ്രകാരമുള്ള ഡിഡക്ഷന് അനുവദിക്കുകയുള്ളൂ. നിങ്ങൾ നേരിട്ടോ മറ്റോ നിങ്ങൾ ഈ ദുരിതാശ്വാസ പ്രവർത്തനങ്ങളിലേക്ക് സംഭാവന ൽകിയിട്ടുണ്ടെങ്കില് അത് ഈയിനത്തില് ഡിഡക്ട് ചെയ്യാവുന്നതല്ല.

Easy Tax സോഫ്റ്റ് വെയറിൽ Deduction Details എന്ന പേജിൽ 80 G Donation to Notified Funds and Charitable Institutions എന്നതിന് നേരെയാണ് ഓഖി ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ തുക

കാണിക്കേണ്ടത്.

# ആദായ നികുതി കണക്കാക്കുന്നതെങ്ങിനെ ?

ഓരോ വര്‍ഷവും ഏപ്രില് 1 മുതല് മാര്‍ച്ച് 31 വരെയുള്ള കാലയളവില് ലഭിച്ച വരുമാനമാണ് ടാക്സ് കണക്കാക്കാന് പരിഗണിക്കേണ്ടത്. എന്നാൽ ഓരോ മാസത്തേയും ശമ്പളം തൊട്ടടുത്ത മാസമാണ് ലഭിക്കുന്നത് എന്നത് കൊണ്ട് കഴിഞ്ഞ സാമ്പത്തിക വര്‍ഷത്തിലെ മാര്‍ച്ചിലെ ശമ്പളം ഇതില് ഉള്‍പ്പെടുത്തുകയും ഈ സാമ്പത്തിക വര്‍ഷത്തിലെ മാര്‍ച്ചിലെ ശമ്പളം ഇതില് നിന്ന് മാറ്റി നിര്‍ത്തുകയും ചെയ്യുന്നു. മാര്‍ച്ച് 31 വരെ ഉണ്ടാകാന് സാധ്യതയുള്ള എല്ലാ ഡിഡക്ക്ഷനുകളും കണക്കിലെടുക്കാവുന്നതാണ്. ശമ്പളം എന്നാൽ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, സാലറി അരിയര്‍, ഡി.എ.അരിയര്‍, സ്പെഷ്യല്‍ അലവന്‍സുകള്, ഏണ്‍ഡ് ലീവ് സറണ്ടര്, ഫെസ്റ്റിവല്‍ അലവന്‍സ്, ബോണസ്, പേ റിവിഷന്‍ അരിയര് എന്നിവയെല്ലാം ഇതില് ഉള്‍പ്പെടുത്തണം.

മുകളില്‍ വിശദീകരിച്ച രീതിയില് മൊത്തം ശമ്പളം കണക്കാക്കി അതില് നിന്നും ഇനി പറയുന്നവ കുറയ്ക്കാവുന്നതാണ്.

**1) വീട്ടുവാടക ബത്ത ( HOUSE RENT ALLOWANCE)**

നിങ്ങള്‍ താമസിക്കുന്നത് വാടക വീട്ടിലാണെങ്കില് മാത്രം, വിട്ടുവാടക ബത്ത താഴെ കൊടുത്തിട്ടുള്ള മൂന്ന് തുകകളില്‍ ഏതാണോ ചെറുത് അത് കുറവ് ചെയ്യാം.

യഥാര്‍ത്ഥത്തില് ഈ വര്‍ഷം കൈപ്പറ്റിയ വീട്ടുവാടക ബത്ത അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടി കൂട്ടിയ തുകയുടെ 10 ശതമാനത്തിനേക്കാള് അധികം നല്‍കിയ വാടക അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടി കൂട്ടിയ തുകയുടെ 40 ശതമാനം വരുന്ന തുക

2) വാഹന ബത്ത വാങ്ങിയിട്ടുണ്ടെങ്കില്‍, പരമാവധി ഒരു മാസം 800 രൂപ പ്രകാരം ഒരു വര്‍ഷം 9600 രൂപയോ അതല്ലെങ്കില് യഥാര്‍ത്ഥത്തില് വാങ്ങിയ തുകയോ ഏതാണോ കുറവ് അത് കുറവ് ചെയ്യാവുന്നതാണ്.

3) തൊഴില്‍ നികുതിയിനത്തില് നല്‍കിയ തുക (രണ്ടു ഗഡുക്കളും കൂടി കൂട്ടിയത്)

മൊത്തം ശമ്പളവരുമാനത്തില് നിന്നും മുകളില് കൊടുത്ത കിഴിവുകള് വരുത്തിയതിന് ശേഷം കിട്ടുന്ന തുകയെ Net Salary Income എന്നറിയപ്പെടുന്നു.

ഇതിനോട് കൂടി വാടക കെട്ടിടങ്ങളില്‍ നിന്നുള്ള വരുമാനം, ബിസിനസ് & പ്രൊഫഷന്‍, കാപിറ്റല് ഗെയിന്‍, മറ്റു വരുമാനം തുടങ്ങിയ സ്രോതസ്സുകളില് നിന്നുള്ള വരുമാനം കൂട്ടേണ്ടതുണ്ട്.

ഇതില്‍ ശ്രദ്ധിക്കേണ്ട ഒരു കാര്യം നമുക്ക് വീട്ടുവാടകയിനത്തില് വരുമാനമൊന്നും ഇല്ലെങ്കിലും സ്വന്തം താമസത്തിനുപയോഗിക്കുന്ന വീട് വാങ്ങിക്കുന്നതിനോ നിര്‍മ്മിക്കുന്നതിനോ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളില് നിന്നും ലോണ് എടുത്തിട്ടുണ്ടെങ്കില്‍ ആ ലോണിന് പലിശയിനത്തില് നല്‍കിയിട്ടുള്ള തുക ഈ തലക്കെട്ടില് നഷ്ടമായി കാണിക്കണം. (1999 ഏപ്രില് 1 ന് മുമ്പ് എടുത്ത ലോണാണെങ്കില് പരമാവധി 30,000 രൂപയും അതിന് ശേഷം എടുത്ത ലോണാണെങ്കില്‍ പരമാവധി 2,00,000 രൂപ വരെയും കിഴിവ് അനുവദിക്കും. എന്നാല് ലോണ് എടുത്ത് 3 വര്‍ഷത്തിനകം നിര്‍മ്മാണം പൂര്‍ത്തിയായിരിക്കണം)

Net Salary യോട് കൂടി മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം കൂടി കൂട്ടുമ്പോള് കിട്ടുന്ന തുകയെ Gross Income എന്നറിയപ്പെടുന്നു. ഇതിൽ നിന്നും ചാപ്റ്റർ VI-A പ്രകാരം 80 സി, 80 സി.സി.സി, 80 സി.സി.ഡി എന്നീ വകുപ്പുകൾ അനുസരിച്ച് പരമാവധി 1,50,000 രൂപ വരെ കുറവ് ചെയ്യാം.

# 80 സി പ്രകാരം അനുവദനീയമായ പ്രധാനപ്പെട്ട ഇളവുകൾ

1. പ്രാവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച തുക (വായ്പ തിരിച്ചടവ് കണക്കിലെടുക്കരുത്)
2. SLI, FBS, GIS, GPAIS തുടങ്ങിയവ
3. ജീവനക്കാരുടെയോ ആശ്രതരുടെയോ പേരില് അടച്ചിട്ടുള്ള ലൈഫ് ഇൻഷൂറൻസ് പ്രീമിയം
4. നാഷണൽ സേവിംഗ്സ് ഡെപ്പോസിറ്റ്, അംഗീകൃത മ്യൂച്ച്യുൽ ഫണ്ടില് നിക്ഷേപിച്ച തുക.
5. നാഷണലൈസ്ഡ് ബാങ്കുകളിലെ 5 വർഷത്തേക്കുള്ള ടാക്സ് സേവര് സ്കീം.
6. 5 വർഷം കാലാവധിയുള്ള പോസ്റ്റല് ലൈഫ് ഇൻഷൂറൻസ് ഡെപ്പോസിറ്റ്
7. വീട് നിർമ്മാണത്തിന് എടുത്ത ലോണിന്റെ മുതലിലേക്കുള്ള തിരിച്ചടവ് (പലിശ Income From House Property എന്ന തലക്കെട്ടിൽ നഷ്ടമായി കാണിക്കുക)
8. പരമാവധി രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് വേണ്ടി അംഗീകൃത സ്ഥാപനത്തിൽ നൽകിയ ട്യൂഷന് ഫീസ്. (ഡൊണേഷൻ, ഡവലപ്മെന്റ് ഫീസ്, കാപിറ്റേഷൻ ഫീ എന്നിവ പരിഗണിക്കില്ല) തെളിവായി സ്ഥാപനത്തിൽ നിന്നുള്ള റസിപ്റ്റ് ഹാജരാക്കേണ്ടി വരും

**80 സി.സി.സി** – ഐ.ആർ.ഡി.എ അംഗീകൃത പെൻഷന് ഫണ്ടില് നിക്ഷേപിച്ച തുക.

**80 സി.സി.ഡി** – കേന്ദ്ര ഗവൺമെന്റ് അംഗീകൃത പെൻഷന് ഫണ്ടില് നിക്ഷേപിച്ച തുക. നാഷണൽ പെൻഷന് സ്കീമില് ഉൾപ്പെടുന്നവര് കോൺട്രിബ്യൂട്ടറി പെൻഷനിലേക്ക് അടച്ചിട്ടുള്ള തുക ഈ സെക്ഷനിലാണ് ഡിഡക്ഷനായി കാണിക്കേണ്ടത്. പരമാവധി ബേസികും ഡി.എ യും കൂടിയതിന്റെ 10 ശതമാനം മാത്രമേ ഇതില് കിഴിവായി അനുവദിക്കൂ.

മുകളിൽ നൽകിയ 80C, 80CCC, 80CCD എന്നീ മൂന്ന് വകുപ്പുകളിലും കൂടി പരമാവധി ഒന്നര ലക്ഷം രൂപയുടെ കിഴിവുകൾ മാത്രമേ അനുവദിക്കൂ. ഇത് കൂടാതെ താഴെ പറയുന്ന കിഴിവുകളും അനുവദനീയമാണ്.

**80 സി.സി.ഡി (1)** - കോൺട്രിബ്യൂട്ടറി പെൻഷന് സ്കീമിലേക്ക് അടച്ചതും 80CCE പ്രകാരം 1,50,000 രൂപയിൽ ഉൾക്കൊള്ളിച്ച് ബാക്കി വരുന്ന തുക പരമാവധി 50,000 രൂപവരെ ഈ വകുപ്പില് കിഴിക്കാം.

**80. സി.സി.ജി** – ഓഹരി നിക്ഷേപങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുക എന്ന ഉദ്ദേശത്തോടു കൂടി കേന്ദ്ര സർക്കാര് 2012-13 മുതല് രാജീവ് ഗാന്ധി ഇകിറ്റി സേവിംഗ്സ് സ്കീം എന്ന പേരിൽ ഒരു പുതിയ സ്കീം ആരംഭിച്ചിട്ടുണ്ട്. ഇതിൽ നിക്ഷേപിക്കുന്ന 50,000 രൂപ വരെയുള്ള തുകയുടെ 50 ശതമാനം വരുമാനത്തില് നിന്നും കിഴിവായി അനുവദിക്കും. എന്ന് പറഞ്ഞാൽ മാക്സിമം കിഴിവ് 25,000 രൂപ. ഉദാഹരണമായി ടാക്സ് ബാധ്യത 10 ശതമാനത്തില് ഒതുങ്ങി നിൽക്കുന്ന ഒരാള് 50,000 രൂപ ഈ ഇനത്തില് നിക്ഷേപിച്ചാല് 2500

രൂപ മാത്രമേ നികുതിയിൽ കുറയുകയുള്ളൂ. ഇതിനെക്കുറിച്ച് കൂടുതൽ അറിയാന് ഇവിടെ ക്ലിക്ക് ചെയ്യുക

**80. ഡി** – ജീവനക്കാരൻ, ഭാര്യ അല്ലെങ്കില് ഭർത്താവ്, മക്കൾ എന്നിവർക്ക് വേണ്ടി എടുത്തിട്ടുള്ള ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിലേക്ക് അടച്ച പ്രീമിയം. പരമാവധി 25,000 രൂപ. ഇത് കൂടാതെ രക്ഷിതാക്കളുടെ പേരിൽ എടുത്തിട്ടുള്ള ആരോഗ്യ ഇൻഷൂറൻസ് പ്രീമിയം പരമാവധി 25,000 രൂപ. (രക്ഷിതാക്കൾ സീനിയര് സിറ്റിസനാണെങ്കില് 30,000 രൂപ വരെ കിഴിക്കാം). ഇങ്ങനെ മൊത്തം 55,000 രൂപ വരെ കുറയ്ക്കാം. ഉദാഹരണം. മെഡിക്ലെയിം പോളിസി

**80 ഡി.ഡി** – ശാരീരികായോ, മാനസികമായോ അംഗവൈകല്യം സംഭവിച്ച, നികുതി ദായകനെ ആശ്രയിച്ച് കഴിയുന്ന ബന്ധുവിന്റെ ചികിത്സാ ചെലവ്. (വൈകല്യം 40 ശതമാനം മുതല് 80 ശതമാനം വരെയാണെങ്കിൽ പരമാവധി 75,000 രൂപ. 80 ശതമാനത്തില് കൂടുതലാണെങ്കില് പരമാവധി 1.25 ലക്ഷം രൂപ)

**80 ഡി.ഡി.ബി**. - മാരകമായ രോഗങ്ങൾ അനുഭവിക്കുന്ന നികുതി ദായകനോ അദ്ദേഹത്തിന്റെ ആശ്രിതർക്കോ വേണ്ടി ചെലവഴിച്ച ചികിത്സാ ചെലവ്. പരമാവധി 40,000 രൂപ (സീനിയർ സിറ്റിസനാണെങ്കിൽ 60,000 രൂപ, സൂപ്പർ സീനിയറാണെങ്കില് 80.000 രൂപ). ഉദാഹരണം- കാൻസര്, എയിഡ്സ്, വൃക്ക തകരാറ്. 12/10/2015 ന് പുറപ്പെടുവിച്ച 2791 ാം നമ്പര് നോട്ടിഫിക്കേഷൻ പ്രകാരം ഈ ഡിഡക്ഷന് ക്ലെയിം ചെയ്യുന്നതിന് ചികിത്സിക്കുന്ന ഡോക്ടറുടെ ഒരു പ്രിസ്ക്രിപ്ഷൻ സമർപ്പിച്ചാല് മതി. ഈ പ്രിസ്ക്രിപ്ഷനിൽ രോഗിയുടെ പേര്, വയസ്, രോഗത്തിന്റെ പേര്, ഡോക്ടറുടെ പേര്, രജിസ്ട്രേഷന് നമ്പര്, യോഗ്യതകള് എന്നിവ രേഖപ്പെടുത്തിയിരിക്കണം.

**80.ഇ** – തന്റെയോ ആശ്രിതരുടെയോ ഉന്നത വിദ്യാഭ്യാസ ആവശ്യത്തിന് വേണ്ടി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള എഡ്യുക്കേഷന് ലോണിന്റെ പലിശയിനത്തിലേക്ക് തന്റെ വരുമാനത്തില് നിന്നും അടച്ച തുക.

**80.ഇഇ** – 24-ബി വകുുപ്പ് പ്രകാരം ഇൻകം ഫ്രം ഹൗസ് പ്രോപ്പർട്ടി എന്ന ഇനത്തില് നഷ്ടമായി കാണിച്ച ഹൗസിംഗ് ലോണിന്റെ പലിശയ്ക്കു പുറമെ ഈ വർഷം പുതുതായി സ്വന്തം താമസത്തിന് വേണ്ടി വാങ്ങിക്കുന്ന വീടിനായി എടുക്കുന്ന ലോണിന്റെ പരമാവധി 50,000 രൂപ വരെയുള്ള പലിശ ഈ വകുപ്പില് കുറയ്ക്കാം. ലോൺ അനുവദിക്കുന്ന തിയതില് സ്വന്തം പേരിൽ വേറെ വീട് ഉണ്ടായിരിക്കാന് പാടില്ല. വീടിന്റെ വില 50 ലക്ഷത്തില് കവിയാൻ പാടില്ല. ലോൺ തുക 30 ലക്ഷത്തില് കൂടാന് പാടില്ല.

**80.ജി**– ധർമ്മസ്ഥാപനങ്ങളിലേക്കും മറ്റും നല്കിയ സംഭാവന. ചില സ്ഥാപനങ്ങൾക്കും ചാരിറ്റബിൾ സൊസൈറ്റിക്കും നല്കുന്ന തുക പൂർണ്ണമായും മറ്റു ചിലതിന് നല്കുന്നതിന്റെ 50 ശതമാനവും കിഴിവ് ലഭിക്കും.

**80.യൂ** – പൂർണ്ണമായോ ഭാഗികമായോ അംഗവൈകല്യമുള്ള നികുതി ദായകന് തന്റെ വരുമാനത്തിൽ നിന്നും വൈകല്യം 40 ശതമാനത്തില് കൂടുതലാണെങ്കില് 75,000 രൂപയും വൈകല്യം 80 ശതമാനത്തില് കൂടുതലാണെങ്കില് 1.25 ലക്ഷം രൂപയും കുറവ് ചെയ്യാവുന്നതാണ്.

മുകളിൽ കൊടുത്തിട്ടുള്ള എല്ലാ കിഴിവുകളും നടത്തിയതിന് ശേഷം ലഭിക്കുന്ന തുകയെ അടുത്ത 10 രൂപയിലേക്ക് റൌണ്ട് ചെയ്യുക. ഇതിനെ Taxable Income എന്നറിയപ്പെടുന്നു. ഈ തുകയുടെ മുകളിലാണ് നിശ്ചിത നിരക്കനുസരിച്ച് ടാക്സ് കണക്കാക്കേണ്ടത്. ടാക്സ് കണ്ടതിന് ശേഷം ആ ടാക്സിന്റെ മുകളിൽ 2 ശതമാനം എഡ്യുക്കേഷന് സെസും 1 ശതമാനം സെക്കണ്ടറി ആന്റ് ഹയർ എഡ്യുക്കേഷന് സെസും കൂട്ടുക (മൊത്തം മൂന്ന് ശതമാനം). ഈ കിട്ടിയ തുകയാണ് നിങ്ങളുടെ ഇൻകം ടാക്സ്.

# ARREAR RELIEF

2015 ഏപ്രിലിന് മുമ്പുള്ള ഏതെങ്കിലും മാസങ്ങളില് ലഭിക്കേണ്ടിയിരുന്ന ശമ്പളം അരിയറായി ഈ വർഷം ലഭിച്ചിട്ടുണ്ടെങ്കില് അത് ഈ വർഷത്തെ വരുമാനമായി കാണിക്കേണ്ടതുണ്ട്. തൻമൂലം ചിലപ്പോള് നമ്മുടെ നികുതി ബാധ്യത ഒരു പാട് വർദ്ധിച്ചിട്ടുണ്ടാകാം. ഒരു പക്ഷെ ഇപ്പോൾ ലഭിച്ച ശമ്പള കുടിശ്ശിക അതത് വർഷങ്ങളില് ലഭിച്ചിരുന്നെങ്കില് നമുക്ക് നികുതി അടക്കേണ്ടി വരില്ലായിരുന്നു. ഇപ്പോൾ എല്ലാം കൂടി ലഭിച്ചതിന്റെ ഫലമായി വരുമാന പരിധി വർദ്ധിക്കുകയും അത് മൂലം നികുതി ബാധ്യത വരികയും ചെയ്തതാകാം. അത്തരം ആളുകൾക്ക് 89(1) വകുപ്പ് പ്രകാരം അരിയർ സാലറിയുടെ റിലീഫ് അവകാശപ്പെടാം. ഈ വർഷം പേ ഫിക്സ് ചെയ്തവര്, അപ്രൂവല് ലഭിക്കാന് താമസം നേരിട്ട് ഇപ്പോള് ശമ്പളം ഒരുമിച്ച് ലഭിച്ചവർ, എന്തെങ്കിലും കാരണങ്ങള് കൊണ്ട് കഴിഞ്ഞ വർഷങ്ങളില് ലഭിക്കേണ്ട ശമ്പളം ഈ വർഷത്തില് വാങ്ങിച്ചവര് തുടങ്ങി പലർക്കും ഈ റിലീഫ് ഉപയോഗപ്പെടുത്താവുന്നതാണ്.

അരിയർ സാലറിയുടെ റിലീഫ് അവകാശപ്പെടാമെന്നുള്ളത് പലരും അറിയാതെ പോവുകയോ, അതല്ലെങ്കിൽ അറിഞ്ഞിട്ടും സങ്കീർണ്ണമായ പേപ്പര് വർക്കുകള് കാരണം വേണ്ടെന്ന് വെക്കുകയോ ചെയ്യുന്ന പ്രവണത കണ്ട് വരുന്നു. എന്നാൽ ഈ ബുദ്ധിമുട്ടുകള് കുറയ്ക്കുന്നതിന് വേണ്ടി തയ്യാറാക്കിയ Relief Calculator എന്ന എക്സൽ അപ്ലിക്കേഷന് ഒരു വലിയ വിജയമായിത്തീർന്നു. ആയത്കൊണ്ട് അത് പരിഷ്കരിച്ച് ഈ വർഷത്തെ ഉപയോഗത്തിന് വേണ്ടി സജ്ജമാക്കിയിട്ടുണ്ട്. വളരെ കുറഞ്ഞ നേരം കൊണ്ട് ഒരു ബുദ്ധിമുട്ടുമില്ലാതെ, ചിലപ്പോൾ ഒരുപാട് സാമ്പത്തിക ലാഭം ഉണ്ടാക്കാന് ഇത് സഹായിച്ചേക്കാം.

## Relief Calculator ഉപയോഗിക്കുന്നതെങ്ങിനെ?

റിലീഫ് കണക്കാക്കുന്നതിന് മുമ്പായി നിങ്ങൾ EASY TAX ഓപ്പൺ ചെയ്ത് ഈ വർഷത്തെ വിവരങ്ങൾ ചേർക്കുക. കാരണം റിലീഫ് നമുക്ക് ആവശ്യമുണ്ടെങ്കിൽ മാത്രം ക്ലെയിം ചെയ്താൽ മതി. ഈ വർഷം അരിയര് അടക്കമുള്ള മൊത്തവരുമാനത്തിന് മേല് ടാക്സ് വരുന്നില്ലെങ്കിൽ റിലീഫ് കണക്കാക്കാന് സമയം ചെലവഴിക്കേണ്ട ആവശ്യമില്ലല്ലോ.. മാത്രമല്ല റിലീഫ് കണക്കാക്കുന്നതിന് ഈ വർഷത്തെ മൊത്തവരുമാനം എത്രയാണെന്ന് അറിയുകയും വേണം. ആയത് കൊണ്ട് ആദ്യം EASY TAX ലെ വിവരങ്ങൾ എന്റർ ചെയ്യുക. അതിൽ അരിയർ ചേർക്കാനുള്ള സ്ഥലങ്ങളില് അത് ചേർക്കുകയും ചെയ്യുക. ഇനി ഇതിലെ Statement എടുത്ത് നോക്കിയാൽ ടാക്സ് വരുന്നുണ്ടോ എന്നറിയാം. ടാക്സ് അടക്കേണ്ടതുണ്ടെങ്കിൽ മാത്രം റിലീഫ് കണക്കാക്കുന്നതിന് അടുത്ത സ്റ്റെപ്പിലേക്ക് പോവുക.

# റിലീഫ് കണക്കാക്കുന്നതിന് ആകെ രണ്ട് കാര്യങ്ങളാണ് വേണ്ടത്.

നിങ്ങൾക്ക് ലഭിച്ച അരിയര് സാലറിയുടെ Due-Drawn Statement. ഓരോ സാമ്പത്തിക വർഷത്തിലേക്ക് ലഭിച്ച സാലറി അരിയര് കണ്ടെത്തുന്നതിന് വേണ്ടിയാണിത്
ഏതൊക്കെ മുൻവർഷങ്ങളിലേക്കുള്ള അരിയറാണോ ലഭിച്ചിട്ടുള്ളത് ആ വർഷങ്ങളില് തയ്യാറാക്കിയിട്ടുള്ള ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റുകൾ. അതല്ലെങ്കിൽ ആ വർഷങ്ങളില് റിപ്പോർട്ട് ചെയ്തിട്ടുള്ള മൊത്തവരുമാനം (എല്ലാ ഡിഡക്ഷനുകൾക്കും ശേഷമുള്ളത്) കൃത്യമായി അറിഞ്ഞിരുന്നാലും മതി.

ഈ രണ്ട് കാര്യങ്ങൾ മാത്രം ലഭിച്ചു കഴിഞ്ഞാല് നിങ്ങള് Relief Calculator ഓപ്പൺ ചെയ്യുക. എക്സൽ സോഫ്റ്റ്‌വെയറില് നേരത്തെ മാക്രോ എനാബിള് ചെയതിട്ടില്ലെങ്കില് അത്

എനാബിൾ ചെയ്യുക. അതിന് ശേഷം DATA ENTRY എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഈ സ്ക്രീനിൽ മൂന്ന് സ്റ്റെപ്പുകള് മാത്രം ചെയ്താല് മതി.

ഒന്നാമത്തെ സ്റ്റെപ്പില് Personal Details വിഭാഗത്തിൽ പേര്, ഓഫീസ്, ഉദ്യോഗപ്പേര്, പാൻ നമ്പര് എന്നിവ എന്ററർ ചെയ്യുക. അതിന് ശേഷം കാറ്റഗറി സെലക്ട് ചെയ്യുക. ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഇതില്ലെങ്കിൽ കാൽക്കുലേഷന് ശരിയാകില്ല.

രണ്ടാമത്തെ സ്റ്റെപ്പിൽ അരിയര് ലഭിച്ചതിന്റെ Due-Drawn Statement നോക്കി ഓരോ മാസത്തെയും അരിയർ തുകകള് അതത് കോളങ്ങളില് എന്റര് ചെയ്യുക. ഓരോ സാമ്പത്തിക വർഷത്തെക്കും ബാധകമായ അരിയറുകൾ വേർതിരിച്ചെടുക്കുന്നതിനാണിത്.

മൂന്നാമത്തെ സ്റ്റെപ്പിൽ അരിയര് ബാധകമായ വർഷങ്ങളില് അന്ന് റിപ്പോർട്ട് ചെയ്ത മൊത്തവരുമാനം എന്റര് ചെയ്യുകയാണ് വേണ്ടത്. അരിയർ ഡീറ്റയിൽസ് എന്റര് ചെയ്യുന്നതോടു കൂടി മൂന്നാമത്തെ സെക്ഷനിൽ താഴെ നൽകിയിട്ടുള്ള പട്ടികയില് ചുകന്ന നിറത്തിലുള്ള കള്ളികളിൽ വർഷങ്ങളുടെ പേരുകള് പ്രത്യക്ഷപ്പെട്ടും. അതിന് നേരെ മാത്രം അന്നത്തെ മൊത്തവരുമാനം എന്റര് ചെയ്താല് മതി. ഈ വർഷത്തെ (2017-18) ടാക്സബിൾ ഇൻകം ചേർക്കുന്നതിന് ഈ വർഷത്തേക്ക് തയ്യാറാക്കിയിട്ടുള്ള EASY TAX ലെ Statement എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോള് ലഭിക്കുന്ന സ്റ്റേറ്റമെന്റിലെ Taxable income rounded off to the nearest multiple of Ten എന്നതിന് നേരെ വരുന്ന തുക അരിയർ അടക്കമുള്ള തുകയാണ്. ഇതിൽ നിന്നും ഈ വർഷം ലഭിച്ച അരിയര് കുറച്ചാല് മതി. ഉദാഹരണമായി Statement ൽ കാണുന്ന തുക 3,25,000 വും ഈ വർഷം ലഭിച്ച അരിയര് 40,000 വും ആണെങ്കില് നിങ്ങള് ഈ വർഷത്തെ കോളത്തിൽ 2,85,000 എന്ന് ചേർത്താല് മതി.

ഇത്ര മാത്രമേ നമ്മൾ ചെയ്യേണ്ടതുള്ളു. നിങ്ങൾക്ക് റിലീഫിന് അർഹതയുണ്ടെങ്കില് Relief Calculator ന്റെ മെയിന് വിൻഡോയില് നിന്ന് സ്റ്റേറ്റ്മെന്റുകള് പ്രിന്റെടുക്കാവുന്നതാണ്. മെയിൻ വിൻഡോയില് നിന്നും 3 സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റ് ലഭിക്കും. ഇതിൽ Arrear Statement, Table of Calculation എന്നിവ നമ്മുടെ സ്വന്തം റഫറൻസിന് വേണ്ടിയുള്ളതാണ്. എവിടെയും സമർപ്പിക്കേണ്ടതില്ല. എന്നാൽ 10E Form എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് നിങ്ങൾക്ക് 10-ഇ ഫോറം, അനക്സര്, ടേബിൾ-എ എന്നിവ പ്രിന്റ് ചെയ്യാം. ഇത് ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റിനോടൊപ്പം ഡിസ്ബേർസിംഗ് ഓഫീസർക്ക് സമർപ്പിക്കണം. റിലീഫായി കാണിക്കുന്ന തുക ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റുകളിലെ Releif u/s 89(1) എന്ന കോളത്തിൽ ചേർക്കുക. നിങ്ങൾ ഈസി-ടാക്സ് ഉപയോഗിക്കുന്നുവെങ്കില് Deduction എന്ന ബട്ടൺ ക്ലിക്ക് ചെയ്താല് ലഭിക്കുന്ന പേജിൽ Releif For Arrears of Salary u/s 89(1) എന്നതിന് നേരെ ഈ തുക ചേർക്കുക.

# Manual ആയി റിലീഫ് കാൽക്കുലേറ്റ് ചെയ്യുന്നതിന്

Relief Calculator ഉപയോഗിക്കുന്നവർക്ക് ഈ റീലീഫ് കാൽക്കുലേറ്റ് ചെയ്യുന്ന സ്റ്റെപ്പുകളൊന്നും മനസ്സിലാക്കി വെക്കേണ്ടതില്ല. എങ്കിലും സ്വന്തമായി റിലീഫ് കാൽക്കലേറ്റ് ചെയ്യുന്നവർക്ക് വേണ്ടി ഇതിനുള്ള സ്റ്റെപ്പുകൾ താഴെ കൊടുക്കുന്നു.

ആദ്യം ഈ വർഷം നമുക്ക് ലഭിച്ച മൊത്തം വരുമാനത്തിന്റെ, അതായത് ലഭിച്ച അരിയർ അടക്കമുള്ള തുകയുടെ നികുതി കണക്കാക്കുക.
പിന്നീട് മൊത്തം വരുമാനത്തിൽ നിന്നും അരിയര് കുറച്ച് ബാക്കി തുകയുടെ നികുതി കാണുക. ഇവിടെ അരിയർ കുറയ്ക്കുമ്പോള് ഈ വർഷത്തേക്ക് ബാധകമായിട്ടുള്ളത് കുറയ്ക്കരുത്. അത് ഈ വർഷത്തെ വരുമാനം തന്നെയാണ്.
സ്റ്റെപ്പ്-1 ല് കണ്ട നികുതിയില് നിന്നും സ്റ്റെപ്-2 ല് കണ്ട നികുതി കുറയ്ക്കുക ( ഇത് ഈ വർഷം അരിയര് ലഭിച്ചത് കാരണം വന്നിട്ടുള്ള അധിക നികുതി ബാധ്യതയാണ് )
അരിയർ ബാധകമായിട്ടുള്ള മുൻവർഷങ്ങളില് നമ്മള് അന്ന് നൽകിയ നികുതികള് കണ്ടെത്തി അതിന്റെ തുക കാണുക (ഇതിന് ആ വർഷങ്ങളിലെ ആദായ നികുതി സ്റ്റേറ്റ്മെന്റുകള് പരിശോധിക്കുക )

ഈ ഓരോ വർഷത്തെയും അന്നത്തെ മൊത്തം വരുമാനത്തോട് കൂടി ഇപ്പോള് അതത് വർഷത്തേക്ക് ലഭിച്ച അരിയറുകള് കൂട്ടി ആ വർഷങ്ങളിലെ നികുതി റീകാൽക്കുലേറ്റ് ചെയ്യുക. എന്നിട്ട് ഈ പുതിയ നികുതികളുടെ തുക കാണുക. മുൻ വർഷങ്ങളിലെ നികുതി നിരക്കുകൾ ഓർക്കുന്നില്ലെങ്കില് Previous Income Tax Rates ഡൌൺലോഡ് ചെയ്യുക.
അതിന് ശേഷം സ്റ്റെപ് -5 ല് ലഭിച്ച തുകയില് നിന്നും-4 ല് ലഭിച്ച തുക കുറയ്ക്കുക. (ഇത് അരിയറുകൾ അതത് വർഷങ്ങളില് ലഭിച്ചിരുന്നെങ്കില് അന്ന് വരുമായിരുന്ന അധിക നികുതി ബാധ്യതയാണ് )
ഇനി സ്റ്റെപ്-3 ല് ലഭിച്ച തുകയില് നിന്നും സ്റ്റെപ്-6 ല് ലഭിച്ച തുക കുറയ്ക്കുക. ഈ കിട്ടുന്ന തുകയാണ് നമുക്ക് അവകാശപ്പെടാവുന്ന റിലീഫ്. (അതായത് ഇപ്പോൾ അരിയര് ലഭിച്ചത് കാരണം അധികമായി വന്നിട്ടുള്ള നികുതിയിൽ നിന്നും അന്നന്ന് അടയ്ക്കേണ്ടിയിരുന്ന നികുതി കുറച്ച് ബാക്കിയുള്ളത് )
അരിയർ സാലറി ലഭിച്ച എല്ലാവർക്കും 89(1) പ്രകാരമുള്ള റിലീഫിന്റെ പ്രയോജനം ലഭിക്കണമെന്നില്ല. കാരണം അരിയർ ബാധകമായിട്ടുള്ള വർഷങ്ങളില് നമ്മള് നേരത്തെ തന്നെ നികുതി അടക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അരിയര് അതത് വർഷങ്ങളിലെ വരുമാനങ്ങളോടൊപ്പം കൂട്ടുകയാണെങ്കിൽ ആ വർഷങ്ങളിലെ നികുതി വർദ്ധിക്കുന്നു. അത്തരക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കില്ല.

എന്നാൽ ഈ വർഷം അരിയര് ലഭിച്ചത് കാരണം നമ്മുടെ വരുമാനം വർദ്ധിച്ച് 5 ലക്ഷം രൂപയിൽ കവിഞ്ഞിട്ടുണ്ടെങ്കില് നമ്മള് 5 ലക്ഷത്തിന് മുകളിലുള്ള തുകയ്ക്ക് 20 ശതമാനം നികുതി അടയ്ക്കേണ്ടി വരും. എന്നാൽ അരിയര് അതത് വർഷങ്ങളിലേക്ക് മാറ്റിയാല് നികുതി ബാധ്യത 10 ശതമാനത്തില് ഒതുങ്ങിയേക്കാം. ഇങ്ങനയുള്ളവർക്ക് മുൻവർഷങ്ങളില് നികുതി അടച്ചിരുന്നുവെങ്കിലും റിലീഫിന്റെ പ്രയോജനം ലഭിക്കും.

---

## HRA DEDUCTION

---

HRA എന്നത് കണ്ണും ചിമ്മി കുറവ് ചെയ്യാവുന്ന ഒന്നല്ല. അതിന് ചില വ്യവസ്ഥകളുണ്ട്

1) യഥാർത്ഥത്തില് ലഭിച്ച HRA
2) ശമ്പളത്തിന്റെ 10 ശതമാനത്തില് അധികം നൽകിയ വാടക
3) ശമ്പളത്തിന്റെ 40 ശതമാനം

മുകളിൽ പറഞ്ഞിരിക്കുന്ന ഈ മൂന്നെണ്ണത്തില് ഏതാണോ ഏറ്റവും ചെറുത്, അത് മാത്രമേ കുറവ് ചെയ്യാൻ അർഹതയുള്ളൂ. ഒരു പക്ഷെ താങ്കൾക്ക് ഈ വർഷം ലഭിച്ച ശമ്പളത്തിന്റെ (ഈ ആവശ്യത്തിന് മൊത്ത ശമ്പളം എന്നതിന്റെ നിര്വ്വചനം അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂട്ടിയത് മാത്രമാണ്) 10 ശതമാനം വരുന്ന തുകയെക്കാള് താഴെയായിരിക്കും താങ്കൾ ഈ വർഷം നൽകിയ വാടക). അത് കൊണ്ടാണ് HRA യുടെ സ്ഥാനത്ത് NIL എന്ന് കാണിക്കുന്നത്. ഇതൊന്നും നോക്കാതെ താങ്കൾക്ക് കഴിഞ്ഞ വർഷങ്ങളില് HRA കിഴിവായി അനുവദിച്ചിട്ടുണ്ടെങ്കിൽ അത് അധികാരികള് ശ്രദ്ധിക്കാതെ പോയതായിരിക്കാം.

ഉദാഹരണമായി താങ്കൾക്ക് ഈ വർഷത്തില് ആകെ ലഭിച്ച അടിസ്ഥാന ശമ്പളം 2 ലക്ഷം രൂപയും ക്ഷാമബത്ത 80,000 രൂപയും HRA 6,000 രൂപയും എന്നിരിക്കട്ടെ. HRA യുടെ കിഴിവ് കണക്കാക്കുന്നതിന് ശമ്പളം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അടിസ്ഥാന ശമ്പളവും ഡി.എ യും കൂട്ടിയതാണ്. അതായത് 2,80,000 രൂപ. ഇനി താഴെ കൊടുത്ത 3 ഉദാഹരണങ്ങള് ശ്രദ്ധിക്കുക.

താങ്കൾ ഒരു മാസം 2000 രൂപ നിരക്കില് ഒരു വർഷം 24,000 രൂപ വാടക നൽകുന്നുവെങ്കില്

1) യഥാർത്ഥത്തില് ലഭിച്ച HRA - 6,000 രൂപ
2) ശമ്പളത്തിന്റെ 10 ശതമാനത്തില് അധികം നൽകിയ വാടക - Nil (കാരണം ശമ്പളത്തിന്റെ 10 ശതമാനം 28,000 രൂപയാണ്. അതിന്റെ താഴെയാണ് താങ്കള് നൽകിയ വാടക)

3) ശമ്പളത്തിന്റെ 40 ശതമാനം - 1,12,000 രൂപ

ഇവിടെ താങ്കൾക്ക് ഒന്നും കുറയ്ക്കാന് അവകാശമില്ല. കാരണം രണ്ടാമത്തെ വ്യവസ്ഥ Nil ആണ്. അതാണ് ഏറ്റവും ചെറുത്.

താങ്കൾ ഒരു മാസം 2500 രൂപ നിരക്കില് ഒരു വർഷം 30,000 രൂപ വാടക നൽകുന്നുവെങ്കില്

1) യഥാർത്ഥത്തില് ലഭിച്ച HRA - 6,000 രൂപ
2) ശമ്പളത്തിന്റെ 10 ശതമാനത്തില് അധികം നൽകിയ വാടക - 2,000 രൂപ
3) ശമ്പളത്തിന്റെ 40 ശതമാനം - 1,12,000 രൂപ

ഇവിടെ താങ്കൾക്ക് 2,000 രൂപ മാത്രമേ കുറയ്ക്കാന് അവകാശമുള്ളൂ. കാരണം അതാണ് ഏറ്റവും ചെറുത്.

താങ്കൾ ഒരു മാസം 10,000 രൂപ നിരക്കില് ഒരു വർഷം 1,20,000 രൂപ വാടക നൽകുന്നുവെങ്കില്

1) യഥാർത്ഥത്തില് ലഭിച്ച HRA - 6,000 രൂപ
2) ശമ്പളത്തിന്റെ 10 ശതമാനത്തില് അധികം നൽകിയ വാടക - 92,000 രൂപ (അതായത് 1,20,000 - 28,000)
3) ശമ്പളത്തിന്റെ 40 ശതമാനം - 1,12,000 രൂപ

ഇവിടെ താങ്കൾക്ക് 6,000 രൂപ മാത്രമേ കുറയ്ക്കാന് അവകാശമുള്ളൂ. കാരണം ഇവിടെ യഥാർത്ഥത്തില് ലഭിച്ച HRA യാണ് ഏറ്റവും കുറവ്.